**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 391

18/10/2011-ൽ മറുപടി
നല്കുന്നത്

## മൂന്നാറിൽ ഏറ്റെടുത്ത ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാറിൽ ഏറ്റെടുക്കപ്പെട്ട ഭൂമിയുടെ കൃത്യമായ കണക്ക് എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) ഉണ്ട്. ഈ ഗവണ്മെന്റ് നിലവിൽ വന്നതിന് ശേഷം ജില്ലയിൽ നാളിതുവരെ 1908.81 ഏക്കർ ഭൂമിയിലെ അനധികൃത കൈയേറ്റം ഒഴിപ്പിച്ചെടുത്ത് സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്<br>തൊടുപുഴ താലൂക്ക് - 5.1 ഏക്കർ<br>ഉടുമ്പൻചോല താലൂക്ക്- 552.38 ഏക്കർ<br>പീരുമേട് താലൂക്ക് - 940.67 ഏക്കർ<br>ദേവികുളം താലൂക്ക് - 410.66 ഏക്കർ<br>ആകെ - 1908.81 ഏക്കർ<br>ദേവികുളം താലൂക്കിൽ മൂന്നാർ ഉൾപ്പെട്ടുവരുന്ന കെ.ഡി.എച്ച്. വില്ലേജിൽ 5 കേസുകളിലായി 184.02 ഏക്കർ ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ഭൂമി ഏതു വിധത്തിൽ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; | (ബി) പ്രസ്തുത ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി മൂന്നാറിന്റെ പ്രകൃതിരമണീയമായ പച്ചപ്പ് നിലനിർത്തിക്കൊണ്ട് സംരക്ഷിക്കാനും പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുമാണ് ഉദ്ദേശിക്കുന്നത് |
| (സി) ഇതു സംബന്ധിച്ച നയം എന്താണ്; | (സി) സർക്കാർ ഭൂമി പൂർണ്ണമായും സംരക്ഷിക്കുകയും മൂന്നാറിന്റെ പ്രകൃതിഭംഗിയും പച്ചപ്പും നിലനിർത്തുകയും സർക്കാർ ഭൂമി പ്രകൃതിഭംഗിക്കും, സന്തുലിതാവസ്ഥയ്ക്കും കോട്ടംതട്ടാതെ പൊതുആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുക എന്നതാണ് ഇത് സംബന്ധിച്ച സർക്കാർ നയം. |

(ഡി) ഏറ്റെടുത്ത ഭൂമി വീണ്ടും അന്യാധീനപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(ഡി) "സർക്കാർ വക ഭൂമിയിൽ അനധികൃതമായി പ്രവേശിക്കുന്നവർക്ക് 3 വർഷം വരെ തടവ് ശിക്ഷ ലഭിക്കും" എന്ന് രേഖപ്പെടുത്തിയിട്ടുള്ള ബോർഡുകൾ ഏറ്റെടുത്ത ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ളതാണ്. ടി സ്ഥലങ്ങളിൽ തുടർ കയ്യേറ്റമുണ്ടാകാതെ സംരക്ഷിക്കുന്നതിന് വില്ലേജ് ഓഫീസർമാരെ/റവന്യൂ ഇൻസ്പെക്ടർമാരെ പ്രത്യേകം ഉത്തരവ് നല്കി നിയോഗിച്ച് നിരീക്ഷിച്ചുവരുന്നു. ഏറ്റെടുത്ത ചില സ്ഥലങ്ങളിൽ മേൽപ്പറഞ്ഞ ബോർഡ് സ്ഥാപിച്ചതിന് പുറമെ ടി സ്ഥലത്തെ ഗതാഗതം അസാധ്യമാക്കുന്ന വിധത്തിൽ വഴിയടച്ച് കയ്യാലകൾ നിർമ്മിച്ചിട്ടുള്ളതുമാണ്. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/റവന്യൂ ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി ആഴ്ചതോറും റിപ്പോർട്ടുകൾ നല്കിവരുന്നു. ഇത്തരത്തിൽ സ്ഥാപിച്ചിട്ടുള്ള ചില ബോർഡുകളും കയ്യാലകളും രാത്രികാലങ്ങളിൽ നശിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ പി.ഡി.പി.പി (ആക്ട്) അനുസരിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നശിപ്പിക്കപ്പെട്ട ബോർഡുകളും മറ്റും പുനഃസ്ഥാപിച്ചിട്ടുള്ളതുമാണ്. കൂടാതെ ഇത്തരം ഭൂമി സംരക്ഷിക്കുന്നതിനായി വിമുക്തഭടന്മാരുടെ ഒരു സേന രൂപീകരിക്കുന്നതിനും സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ